"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

FCSD - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി സ്മിത കെ. സർക്കാർ അനുമതി ഇല്ലാതെ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടർന്ന 23/06/2022 മുതൽ 17/10/2022 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 140സി-യിൽ ഇളവ് വരുത്തി ഡെപ്യൂട്ടേഷന്റെ തുടർച്ചയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.66/2025/F&CS തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-

1. 107.05.2021 ലെ സ.ഉ. (സാധാ) നം. 216/2021/ഭ.പൊ.വി.വ.
2. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 22/08/2022-തീയതിയിലെ D1/14895/21 നമ്പർ കത്ത്.
3. 26/09/2022 തീയതിയിലെ സ.ഉ. (സാധാ) നം. 849/2022/കൃഷി
4. കൃഷി (ഇഎ) വകുപ്പിന്റെ 06/10/2022-തീയതിയിലെ AGRI-EA1/240/2022-AGRI നമ്പർ കുറിപ്പ്.
5. സപ്ലൈക്കോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 09/05/2024-തീയതിയിലെ KSCSC/5691/2024-D1 (ADMN) നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ഏരൂർ കൃഷിഭവനിലെ കൃഷി ആഫീസറായിരുന്ന ശ്രീമതി സ്മിത കെ-യെ പരാമർശം (1) പ്രകാരം സപ്ലൈകൊയിൽ പാഡി മാർക്കറ്റിംഗ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതും, ഇതു പ്രകാരം ടിയാളുടെ സപ്ലൈകൊയിലെ അന്യത്ര സേവന കാലാവധി 22/06/2022 തീയതിയിൽ അവസാനിക്കുന്നതിനാൽ, അന്യത്ര സേവനം 23/06/2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനു 15/06/2022-തീയതിയിലെ ശ്രീമതി സ്മിത കെ. സമർപ്പിച്ച അപേക്ഷ, ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശിപാർശ ഉൾപ്പെടെ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.തിരുവന്തപുരം വാമനപുരത്ത് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയി മാതൃവകുപ്പിലേയ്ക്ക് തിരികെ നിയമിച്ചുകൊണ്ട് കൃഷി വകുപ്പിൽ നിന്ന് പരാമർശം (3) പ്രകാരം ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സ്മിത കെ എന്നയാളെ 17.10.2022 ന് സപ്ലൈകൊയിൽ നിന്ന് വിടുതൽ ചെയ്തിരുന്നു. ഉദ്യോഗസ്ഥ ദൗർലഭ്യം കാരണം നെല്ല് സംഭരണ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കുന്നതിനായാണ് കാലാവധി കഴിഞ്ഞും ടിയാൾ സപ്ലൈകൊയിൽ തുടർന്നതെന്നും, ഈ സാഹചര്യത്തിൽ, ശ്രീമതി സ്മിത കെ., പാഡി മാർക്കറ്റിംഗ് ഓഫീസർ തസ്തികയിൽ സപ്ലൈകൊയിൽ അന്യത്ര സേവനത്തിൽ തുടർന്ന

23/06/2022 മുതൽ 17/10/2022 തീയതി വരെയുള്ള അധിക സേവന കാലയളവ് ക്രമീകരിച്ച് നൽകുന്നതിന് സപ്ലൈകോ അഡീഷണൽ ജനറൽ മാനേജർ (പി&എ) പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമയബന്ധിതമായി പൂർത്തീകരിക്കേണ്ട നെല്ല് സംഭരണം, ഇതിന് പൂർണ്ണ ചുമതല വഹിക്കുന്ന ബന്ധപ്പെട്ട Paddy Marketing Officer-ൽ നിക്ഷിപ്തമായിട്ടുള്ള സാഹചര്യത്തിലാണ് അന്യത്ര സേവന കാലാവധി കഴിഞ്ഞും ടി ഉദ്യോഗസ്ഥ സപ്ലൈകോയിൽ തുടർന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി സ്മിത കെ. സർക്കാർ അനുമതി ഇല്ലാതെ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ തുടർന്ന 23/06/2022 മുതൽ 17/10/2022 വരെയുള്ള അധികകാലയളവ് കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 140സി-യിൽ ഇളവ് വരുത്തി പരാമർശം (1) പ്രകാരമുള്ള അന്യത്രസേവനകാലാവധിയുടെ തുടർച്ചയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് പ്രവീൺ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.
ബന്ധപ്പെട്ട ഉദ്യോഗസ്ഥ (കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തരം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / ഇ&എ) കേരള, തിരുവനന്തപുരം.
കൃഷി (ഇഎ) വകുപ്പ് (06/10/2022-തീയതിയിലെ AGRI-EA1/240/2022-AGRI നമ്പർ കുറിപ്പ്.)
ധനകാര്യ വകുപ്പ് (2885415/പിയു-ബി2/80/2024-ധന, തീയതി 22.02.2025)
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari J. S
Date: 10-03-2025 16:31:36

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.